**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **11-03-2025 - ൽ മറുപടിയ്ക്ക്**

**പത്തനംതിട്ട ജില്ലയിലെ യു.പി.എസ്.റ്റി. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള യു.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടന്നിട്ടുണ്ടോയെന്നും ഇനി റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്നും വിശദമാക്കാമോ; | (എ) | **പത്തനംതിട്ട ജില്ലയിൽ യു.പി.എസ്.ടി. തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി ആകെ റിപ്പോർട്ട് ചെയ്ത 40 ഒഴിവുകളിലും നിയമനം നടന്നിട്ടുണ്ട്. ഇനി റിപ്പോർട്ട് ചെയ്യാൻ നിലവിൽ ഒഴിവുകളില്ല.** |
| (ബി) | സംസ്ഥാനത്ത് വിവിധ വിഷയങ്ങൾക്കുള്ള എച്ച്.എസ്.എ. പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **ഒഴിവുകൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി സ്ഥാനക്കയറ്റനടപടികൾ പൂർത്തീകരിച്ച് വരുന്നു.** |
| (സി) | കാലങ്ങളായി നിയമന പ്രതിസന്ധി നേരിടുന്ന ഹൈസ്കൂൾ ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് പ്രൈമറി തലത്തിലുള്ള യോഗ്യരായ അധ്യാപകരുടെ നിയമനം, അന്തർ ജില്ലാ സ്ഥലം മാറ്റം എന്നീ നടപടികൾ വേഗത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഹൈസ്കൂൾ ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനം, അന്തർ ജില്ലാസ്ഥലംമാറ്റം എന്നിവയ്ക്കുള്ള നിശ്ചിത ശതമാനം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പത്തനംതിട്ട ജില്ലയിൽ യു.പി.എസ്.റ്റി. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ